"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡിന് (WIPL) വ്യാവസായിക ആവശ്യത്തിനായി അക്കേഷ്യ മാഞ്ചിയം, അക്കേഷ്യ ഓറിക്കുലിഫോർമിസ്, മിസലേനിയസ് ഫയർവുഡ്, മഞ്ഞക്കൊന്ന എന്നിവ വില നിശ്ചയിച്ചു കൊണ്ടും ആയതു അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(കൈ) നം.11/2025/F&WLD തീയതി,തിരുവനന്തപുരം, 01-04-2025

---

പരാമർശം:-

1) 1/3/2011-ലെ GO(Rt) No.84/2011/F&WLD നമ്പർ സർക്കാർ ഉത്തരവ്.

2) 03/10/2023-ലെ സ.ഉ(കൈ) നം. 22/2023/F&WLD നമ്പർ സർക്കാർ ഉത്തരവ്.

3) വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 10/10/2023-ലെ കത്ത്.

4) 26/10/2023-ലെ ബി2/139/2023-വനം നമ്പർ യോഗനടപടിക്കുറിപ്പ്

5) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന്റെ 20/1/2024, 11/4/2024, 25/1/2025 തീയതികളിലെ പ്രൊ (4)-6543/2013 നമ്പർ കത്ത്.

6) 06/04/2024-ലെ G.O(MS) No.17/2024/F&WLD നമ്പർ സർക്കാർ ഉത്തരവ്.

7) പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 20/6/2024-ലെ WL4-5702/2022 നമ്പർ നടപടി ഉത്തരവ്.

<u>ഉത്തരവ്</u>

വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡ് (WIPL)-ന് വ്യവസായികോൽപ്പാദനത്തിനുള്ള അസംസ്കൃതവസ്തുവായ അക്കേഷ്യ മാഞ്ചിയം എന്ന വനവിഭവം പൊതുലേലത്തിൽ ലഭിച്ച ഏറ്റവും കുറഞ്ഞ വിലയായ മെട്രിക്

ടണ്ണിന് **1550/-** രൂപ നിരക്കിൽ **2023-24** സാമ്പത്തികവർഷത്തേയ്ക്ക് പരാമർശം 2) പ്രകാരം അനുവദിച്ചു ഉത്തരവായിരുന്നു. എന്നാൽ ഇതിന്റെ ലഭ്യത കുറവാണെന്ന് വനം വകുപ്പ് അറിയിച്ചതിനാലും ഉത്തരവ് തീയതി മുതൽ സാമ്പത്തികവർഷത്തിൽ ഒരു വർഷകാലാവധി കിട്ടിയിട്ടില്ല എന്നതിനാൽ കമ്പനിയ്ക്ക് അവ ലഭ്യമായിട്ടില്ലെന്നും **WIPL** എന്ന വ്യവസായ സ്ഥാപനം ആയിരത്തിലധികം തൊഴിലാളികൾക്ക് തൊഴിൽ നൽ കുന്നുണ്ടെന്നും, കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നികുതി ഇനത്തിൽ വർഷംതോറും കോടിക്കണക്കിന് രൂപ അടച്ചു വരുന്നതാണെന്നും അസംസ്കൃതവസ്തുക്കള് ന്യായമായ വിലയ്ക്ക് ലഭിക്കാതെ വന്നാൽ ഫാക്ടറി പ്രവർത്തനം നിർത്തിവയ്ക്കേണ്ടതായി വരുമെന്നും, തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നതാണെന്നും ആകയാൽ അക്കേഷ്യ ഓറിക്കുലിഫോർമിസ്, അക്കേഷ്യാ മാഞ്ചിയം, യൂക്കാലിപ്റ്റസ്, വിവിധയിനം വിറകുകൾ, മഞ്ഞക്കൊന്ന എന്നിവ ന്യായമായ വില നിശ്ചയിച്ച് അനുവദിച്ച് നൽകണമെന്നഭ്യർത്ഥിച്ച് പരാമർശം 3) പ്രകാരം വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡ് സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു.

2) പ്രസ്തുത ആവശ്യം ചർച്ച ചെയ്യുന്നതിനായി **26.10.2023**-ൽ വനം-വന്യജീവി വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ ചേർന്ന പരാമർശം 4) യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശം 5) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ ലഭ്യമായതായിക്കാണുന്ന **75,000** മെട്രിക് ടൺ വനവിഭവങ്ങളിൽ നിന്നും കേരള പേപ്പർ പ്രൊഡക്സ് ലിമിറ്റഡിന് നൽകാൻ തീരുമാനിച്ചിട്ടുള്ള **50,000** മെട്രിക് ടൺ ഒഴിച്ചുള്ള വനവിഭവങ്ങൾ വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡിന് നൽകാവുന്നതാണെന്നും, മിസലേനിയസ് ഫയർവുഡുകൾ വിവിധ സർക്കിളുകളുടെ കീഴിലുള്ള വിവിധ റെയിഞ്ചുകളുടെ റിസർവ് പരിധിയിലുള്ള ഡമ്പിംഗ് യാർഡുകളിൽ ശേഖരിച്ച് വച്ചിട്ടുള്ളതാണെന്നും, വിദേശ സസ്യമായ മഞ്ഞക്കൊന്ന (സെന്ന) വില നിശ്ചയിച്ച് വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡിന് അനുവദിച്ച് നൽകാവുന്നതാണെന്നും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ലഭ്യതയ്ക്കനുസരിച്ച് പ്രതിവർഷം പരമാവധി **50,000** മെട്രിക് ടൺ അസംസ്കൃത വസ്തുക്കൾ (പൾപ്പ് വുഡ്) വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡിന് അനുവദിക്കണമെന്നത് പരിഗണിച്ചു (അതാത് സമയം പുതുക്കുന്ന വർക്കിംഗ് പ്ലാൻ പ്രകാരം ലഭ്യതക്കനുസരിച്ച്) വനവിഭവങ്ങളായ (പൾപ്പ് വുഡ്) അക്കേഷ്യ മാഞ്ചിയം മെട്രിക് ടണ്ണിന് **1550/-**(ആയിരത്തി അഞ്ഞൂറ്റി അമ്പത് രൂപ) നിരക്കിലും, അക്കേഷ്യ ഓറിക്കുലിഫോർമിസ് **2000/-** (രണ്ടായിരം രൂപ) ബാധകമായ നികുതികളും എന്ന നിരക്കിലും, മിസലേനിയസ് ഫയർവുഡിന് മെട്രിക് ടണ്ണിന് **1000/-** രൂപ എന്ന നിരക്കിലും, വിദേശ കളയായി വനത്തിനും വന്യജീവികൾക്കും വിനാശകാരിയായ മഞ്ഞക്കൊന്ന (സെന്ന) നീക്കം ചെയ്യുന്നതിനായി, **KPPL**- ന് കൊടുത്ത അതേ വ്യവസ്ഥയുടെയും ഉപാധിയുടെയും അടിസ്ഥാനത്തിൽ, മെട്രിക്

ടണ്ണിന് **350/-** രൂപ എന്ന നിരക്കിലും **2025-26** സാമ്പത്തികവർഷത്തിൽ **WIPL**-ന് അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡ്, ബല്യപട്ടം, കണ്ണൂർ.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ) കേരള, തിരുവനന്തപുരം.
ധനവകുപ്പ് **(2926503/Agri-A1/233/2024-FIN dated 11.11.2024)**
വ്യവസായ വകുപ്പ്**(UO(N) No.G2/7/2025/**വ്യവ തീയതി, **25/1/2025** പ്രകാരം)
പൊതുഭരണ **(SC)** വകുപ്പ് **(26.03.2025** ലെ ഇനം നമ്പർ **2782** പ്രകാരം)
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Ramjan P A
സെക്ഷൻ ഓഫീസർ
Date: 02-04-2025 11:25:41

പകർപ്പ് :- ബഹു.മുഖ്യമന്ത്രിയുടെ ഓഫീസിന്/ ബഹു. വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പി.എസ്-ന്/ വനം വന്യജീവി വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസിന്.